## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.53 10.06.2013 ൽ മറുപടിയ്ക്ക്

### കരമനയാറിൽ മത്സ്യങ്ങൾ ചത്തു പൊങ്ങിയതു സംബന്ധിച്ച് അന്വേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശിവൻകുട്ടി | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കരമനയാറിൽ തിരുവല്ലം ഭാഗത്ത് മത്സ്യങ്ങൾ ചത്തു പൊങ്ങിയതു സംബന്ധിച്ച് സംസ്ഥാന പരിസ്ഥിതി വകുപ്പ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കമോ ? | (ബി) തിരുവനന്തപുരം നഗരത്തിലെ സ്വീവേജ് മാലിന്യങ്ങൾ മുഴുവൻ ഇപ്പോൾ മുട്ടത്തറയിൽ, പാർവ്വതീ പുത്തനാറിൽ എത്തിച്ചേരുന്നുണ്ട്. പാർവ്വതീ പുത്തനാർ തിരുവല്ലത്തു വച്ച് കരമനയാറ്റിൽ ചേരുന്നു. തന്മൂലം ഈ ഭാഗത്ത് കരമനയാർ വളരെയധികം മലിനപ്പെട്ടിട്ടുണ്ട്. 2013 ഏപ്രിൽ മാസത്തിൽ മഴ പെയ്ത വേളയിൽ, അടിഞ്ഞു കൂടിയിരുന്ന മാലിന്യങ്ങൾ ഇളകി ജലത്തിൽ പ്രാണവായു കുറഞ്ഞ് പോയതിനാലാണ് മത്സ്യങ്ങൾ ചത്തു പൊങ്ങിയത്. അത്യധികം മലിനപ്പെട്ട ഈ ഭാഗങ്ങളിൽ ഇപ്രകാരം സംഭവിക്കാറുണ്ട്. പാർവ്വതീ പുത്തനാർ ശുചീകരിക്കുന്നതിന് സർക്കാർ അടിയന്തിര നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ